9752/18

E- 11103/21 (S)



# വകുപ്പ് ഡയറക്ടറുടെ പ്രത്യേക നിർദ്ദേശ പ്രകാരം നടത്തിയ പരിശോധനയുടെ റിപ്പോർട്ട്

## ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് പെരിന്തൽമണ്ണ

വിഷയം :- പദ്ധതി നിർവഹണത്തിൽ തുക വിതരണം സംബന്ധിച്ച്

പരാമർശം :- സീനിയർ ഫിനാൻസ് ഓഫീസറുടെ 13.04.2021 ലെ ഫിൻ ബി1-272/21 നമ്പർ ഉത്തരവ്

പരിശോധന തീയതി :- 19.04.2021 മുതൽ 23.04.2021 വരെ

പരിശോധനാവിഭാഗം :- ഫിൻ.സി, ഫിൻ.ഡി

പരിശോധനാ ടീം അംഗങ്ങൾ

| | |
|---|---|
| ശ്രീ കൃഷ്ണകുമാർ.വി.എസ് | ജൂനിയർ സൂപ്രണ്ട് |
| ശ്രീ ദിലീപ് .ബി .എസ് | ജൂനിയർ സൂപ്രണ്ട് |
| ശ്രീ നിദീഷ് . എം .എ | സീനിയർ ക്ലാർക്ക് |

പരിശോധന കാലയളവിൽ പെരിന്തൽമണ്ണ പട്ടികജാതി വികസന ഓഫീസിൽ ചുമതല വഹിച്ചിരുന്ന പട്ടികജാതി വികസന ഓഫീസർമാർ, ക്ലർക്കുമാർ എന്നിവരുടെ പേര്, കാലഘട്ടം.

| Sl No | Name | Designation | Period | |
|---|---|---|---|---|
| 1 | MERCY. MB | SCDO GR-1 (Adl Charge) | 12.02.2013 | 17.05.2018 |
| 2 | SHAJI. KP | SCDO GR-1 | 17.05.2018 | 20.06.2018 |
| 3 | SAILESH. IP | SCDO GR-1 | 20.06.2018 | 24.10.2018 |
| 4 | MOHAMMED IQBAL. K | SCDO GR-1 | 24.10.2018 | 13. 11.2018 |
| 5 | MUNEER REHMAN | SCDO GR-1 (Adl Charge) | 13.11.2018 | 10.12.2018 |
| 6 | P. BIJI | SCDO GR-1 | 10.12.2018 | 28.02.2019 |
| 7 | ABDUL RASHEED. KP | SCDO GR-11 (Adl Charge) | 28.02.2019 | 06.06.2019 |
| 8 | SREEKUMAR. G | SCDO GR-1 | 06.06.2019 | 29.06.2019 |
| 9 | SREEKALA. PG | SCDO GR-11 (Adl Charge) | 29.06.2019 | 31.07.2019 |
| 10 | SREEKUMAR. G | SCDO GR-1 | 01.08.2019 | 10.10.2019 |
| 11 | SREEKALA. PG | SCDO GR-11 (Adl Charge) | 10.10.2019 | 21.10.2019 |
| 12 | JOHN MATHEW | SCDO GR-1 | 21.10.2019 | Continuing |

| | | | | |
|---|---|---|---|---|
| 1 | ABITHA | CLERK | | 05.09.2018 |
| 2 | DIVYA | CLERK | 05.09.2018 | 12.11.2018 |
| 3 | G.GOPAKUMAR | CLERK | 20.11.2018 | Continuing |

പദ്ധതിനിർവഹണത്തിൽ തുക വിതരണവുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചതിനെ അടിസ്ഥാനത്തിൽ പ്രധാനപ്പെട്ട 5 പദ്ധതികളുടെ 2018-19 മുതൽ 2020-21 വരെയുള്ള വർഷങ്ങളിൽ തുക വിതരണം ചെയ്തത് അക്കൗണ്ടുകൾ ഉൾപ്പെടെ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു

**1. <u>സ്വയം തൊഴിൽ ധനസഹായം</u>**

ഈ പദ്ധതി പ്രകാരം 2018-19 മുതൽ 2020-21 വരെയുള്ള വർഷങ്ങളിൽ അനുവദിച്ച എണ്ണവും തുകയും ചുവടെ ചേർക്കുന്നു

| scheme | year | No of Benificiaries | Expenditure |
|---|---|---|---|
| Self Employment | 2018-19 | nil | nil |
| Self Employment | 2019-20 | nil | nil |
| Self Employment | 2020-21 | 1 | 100000 |

2018-19, 2019-20 എന്നീ വർഷങ്ങളിൽ തുക ഒന്നും അനുവദിച്ചിട്ടില്ല 2020-21 വർഷം പ്രഹ്ലാദ എന്ന ഒരു ഗുണഭോക്താവിന് സബ്സിഡിയായി ഒരു ലക്ഷം രൂപ കേരള ഗ്രാമീണ് ബാങ്ക്, ഇളംകുളം ശാഖ മാനേജരുടെ അക്കൗണ്ടിലേക്ക് ( Ac No: 402181013050114 IFSC KLGB0040218 ) അയച്ചിട്ടുണ്ട്. അപേക്ഷയോടൊപ്പം എഗ്രിമെൻറ് വച്ചിട്ടില്ല, ബ്ലാങ്ക് മുദ്രപത്രം അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടുണ്ട്. AG യ്ക്ക് വിനിയോഗ സർട്ടിഫിക്കറ്റ് അയച്ചതായി കാണുന്നില്ല. എഗ്രിമെൻറ് വയ്ക്കാതെ തുക വിതരണം ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്

**2. <u>വിദേശ ധനസഹായം</u>**

ഈ പദ്ധതി പ്രകാരം 2018 -19 മുതൽ 2020 -21 വരെയുള്ള വർഷങ്ങളിൽ അനുവദിച്ച എണ്ണവും തുകയും ചുവടെ ചേർക്കുന്നു

| Scheme | year | No of Benificiaries | Expenditure |
|---|---|---|---|
| Foreign Employment | 2018-19 | 1 | 50000 |
| Foreign Employment | 2019-20 | 1 | 100000 |
| Foreign Employment | 2020-21 | 3 | 220000 |

2018 -19 വർഷം സുരേഷ് സി കെ എന്ന ഗുണഭോക്താവിന് (പാസ്പോർട്ട് നമ്പർ S.0835356) അമ്പതിനായിരം രൂപ അനുവദിച്ചിട്ടുണ്ട്. 2019- 20 വർഷം ശിവശങ്കരൻ പി എന്നയാൾക്ക് (Passport നമ്പർ N3121439) ഒരു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. രണ്ട് വർഷവും രജിസ്റ്റർ പരിപാലിച്ചിട്ടില്ല എല്ലാ വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ പാലിക്കേണ്ടതാണ്. 2020-21 വർഷം മൂന്ന് ഗുണഭോക്താക്കൾക്ക് രണ്ട് ലക്ഷത്തി ഇരുപതിനായിരം രൂപ അനുവദിച്ചിട്ടുണ്ട്. രജിസ്റ്റർ പാലിച്ചിട്ടുണ്ട് എന്നാൽ രജിസ്റ്ററിൽ ഗുണഭോക്താക്കളുടെ ഫോട്ടോ പതിച്ചിട്ടില്ല, ആധാർ നമ്പർ ബാങ്ക് അക്കൗണ്ട് നമ്പർ ഐ എഫ് എസ് സി കോഡ് എന്നിവർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷയോടൊപ്പം ആരും എഗ്രിമെൻറ് വച്ചിട്ടില്ല. എഗ്രിമെൻറ് വയ്ക്കുന്നതിനുള്ള ബ്ലാങ്ക് മുദ്രപത്രം അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടുണ്ട്. എഗ്രിമെൻറ് വയ്ക്കാതെ തുക വിതരണം ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്. AG ക്ക്

വിനിയോഗ സർട്ടിഫിക്കറ്റ് അയച്ചതായി കാണുന്നില്ല. അപേക്ഷയോടൊപ്പം ഹാജരാക്കിട്ടുള്ള ബാങ്ക് പാസ് ബുക്ക്, BIMS നിന്ന് ലഭിക്കുന്ന Acknowledgment Receipt എന്നിവ പരിശോധിച്ചതിൽ നിന്നും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തന്നെ തുക മാറി നൽകിയിട്ടുണ്ടെന്ന് അറിയാൻ കഴിഞ്ഞു.

**3. മിശ്രവിവാഹം**

ഈ പദ്ധതി പ്രകാരം 2018-19 മുതൽ 2020-21 വരെയുള്ള വർഷങ്ങളിൽ അനുവദിച്ച എണ്ണവും തുകയും ചുവടെ ചേർക്കുന്നു

| Scheme | year | No of Benificiaries | Expenditure |
|---|---|---|---|
| Inter caste marriage Grant | 2018-19 | 1 | 50000 |
| Inter caste marriage Grant | 2019-20 | 8 | 575000 |
| Inter caste marriage Grant | 2020-21 | 10 | 750000 |

ഒറിജിനൽ വിവാഹ സർട്ടിഫിക്കറ്റ് പല അപേക്ഷകളോടൊപ്പവും കാണുന്നു. അവ മടക്കി ലൻകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അക്കൗണ്ടന്റ് ജനറലിന് വിനിയോഗ സർട്ടിഫിക്കറ്റ് അയച്ചതായി കാണുന്നില്ല.

**4. വിവാഹ ധനസഹായം**

ഈ പദ്ധതി പ്രകാരം 2018-19 മുതൽ 2020-21 വരെയുള്ള വർഷങ്ങളിൽ അനുവദിച്ച എണ്ണവും തുകയും ചുവടെ ചേർക്കുന്നു

| schem | year | No of Benificiaries | Expenditure |
|---|---|---|---|
| Marriage Grant | 2018-19 | 76 | 5600000 |
| Marriage Grant | 2019-20 | 51 | 3825000 |
| Marriage Grant | 2020-21 | 99 | 7425000 |

2019-20, 2020-21 എന്നീ വർഷങ്ങളിൽ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. 2018-19 ലെ രജിസ്റ്റർ അപൂർണ്ണമാണ്. പല കോളങ്ങളും വിട്ടിരിക്കുന്നു പല പേജുകളിലും SCDO സാക്ഷ്യപ്പെടുത്തിട്ടില്ല കൂടാതെ അക്കൗണ്ട് നമ്പർ ഐ എഫ് എസ് സി കോഡ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ആനുകൂല്യം അനുവദിച്ചുകൊണ്ടുള്ള ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ഉത്തരവ് നമ്പർ, തീയതി എന്നിവ പല പേജുകളിലും രേഖപ്പെടുത്തിയിട്ടില്ല. AG ക്ക് യുസി അയച്ചതായി കാണുന്നില്ല. 2018-19 വർഷം 76 ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചതിൽ 37 പേരുടെ വിവരങ്ങൾ മാത്രമേ രജിസ്റ്റർ രേഖപെടുത്തിയിട്ടുള്ളൂ. രേഖപ്പെടുത്താതെ 39 അപേക്ഷകളിൽ 3 അപേക്ഷ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ആയതിനാൽ അക്കൗണ്ട് നമ്പർ പരിശോധിക്കാൻ സാധിച്ചില്ല. മൂന്നുപേരിൽ ഒരാളുടെ തുക scdo യുടെ STSB അക്കൗണ്ടിലേക്ക് ആണ് നൽകിയിട്ടുള്ളത്.

രജിസ്റ്ററിൽ പല ഗുണഭോക്താക്കളുടെ ഫോട്ടോ പതിച്ചിട്ടില്ല കൂടാതെ ആധാർ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷയോടൊപ്പം ഹാജരാക്കിയ ഉള്ള ബില്ലുകളിൽ പല അപേക്ഷകരുടെ സ്വർണം വാങ്ങിയ ബില്ലുകൾ മാത്രമാണ് ഉള്ളത്.

ഉദാ: 1) കുട്ടിനാടി കെ കളങ്ങര ഹൗസ് പെരിന്തൽമണ്ണ
2) രാമചന്ദ്രൻ പെരുംപാല ഹൗസ് ആലിപ്പറമ്പ്
3) കടുങ്ങ് പുത്തൻകൊട്ടിൽ വീട് പട്ടിക്കാട് മലപ്പുറം

ലക്ഷ്മി കെ കെ പുത്തൻകൊട്ടിൽ ഹൗസ്, എടയാറ്റൂർ, മലപ്പുറം എന്ന ഗുണഭോക്താവിന് അപേക്ഷയോടൊപ്പം വിവാഹവുമായി ബന്ധപ്പെട്ട് ചിലവുകളുടെ ബില്ലുകൾക്ക് പകരം വീട് വയറിംഗിന്റെ 13294/- 17490/- 2968/- എന്നീ തുകയുടെ ബില്ലുകളാണ് ഹാജരാക്കിയട്ടുള്ളത്.

കാളി, വടക്കേ പറമ്പിൽ ഹൗസ്, കീഴാറ്റൂർ , മലപ്പുറം, സുനിൽകുമാർ എന്ന ആളുടെ പേരിൽ വാങ്ങിയ സ്വർണ്ണത്തിന്റെ ബില്ലുകളുടെ പകർപ്പാണ് ഹാജരാക്കിയിട്ടുള്ളത്. (തുക 185804/-, 17505/- 2489/- തീയതി 07/12/2019).

ശിവദാസൻ കോലോത്തു മണ്ണാർമല മലപ്പുറം (ആധാർ നമ്പർ 701029436867) എന്ന ഗുണഭോക്താവിന് അപേക്ഷയോടൊപ്പം ഒപ്പം ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല. കൂടാതെ രജിസ്റ്ററിൽ അക്കൗണ്ട് നമ്പർ ഐ.എഫ്. എസ് കോഡ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല ആയതിനാൽ ഇവ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. BIMS നിന്ന് ലഭിച്ച റസിപ്റ്റ് പ്രകാരം A/C No 40678101029622, IFSC KLGB0040678 എന്ന അക്കൗണ്ടിലേക്ക് 75000/- രൂപ രൂപ മാറി നൽകിയിട്ടുണ്ട് (BRN 20150 36500 02003 39092 Dt: 15/07/2020) അപേക്ഷയോടൊപ്പം ഹാജരാക്കിയ പാസ് ബുക്കിനെ പകർപ്പ് BIMS നിന്ന് ലഭിച്ച റസീപ്റ്റ്, രജിസ്റ്ററിൽ രേഖപ്പെടുത്തിയ അക്കൗണ്ട് നമ്പർ ഐ എഫ് എസ് സി കോഡ് എന്നിവ പരിശോധിച്ചതിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയ പല അക്കൗണ്ട് നമ്പറുകളിൽ അക്കങ്ങൾ തെറ്റായി രേഖപ്പെടുത്തുകയോ വിട്ടു പോയിട്ടുള്ളതായോ കാണാൻ കഴിഞ്ഞു.

ഉദാ: 1. രാമൻ കൊട്ടുവായ്യുൾ പട്ടിക്കാട് മലപ്പുറം
A/c no 67260609879 (റസീപ്റ്റ് പ്രകാരം)
A/c no 6726060609879 (രജിസ്റ്ററിൽ)

2. ശാന്ത മുണ്ടെടത്ത് ഹൗസ്, ആലിപ്പറമ്പ് മലപ്പുറം
A/c no 205501011003759 (റസീപ്റ്റ് പ്രകാരം)
A/c no 2055010111063759 (രജിസ്റ്ററിൽ)

3 .അയ്യപ്പൻ ആലിപ്പറമ്പ് മലപ്പുറം
A/c no 205501011000861 (റസീപ്റ്റ് പ്രകാരം)
A/c no 205508651000099 (രജിസ്റ്ററിൽ)

രജിസ്റ്ററിൽ അക്കൗണ്ട് നമ്പർ ഐ എഫ് എസ് സി കോഡ് മുതലായവ രേഖപെട്ടുത്തുമ്പോൾ തെറ്റ് കൂടാതെ രേഖപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. രജിസ്റ്ററിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി വൃത്തിയായി പാലിക്കേണ്ടതാണ്. AG ക്ക് വിനിയോഗ സർട്ടിഫിക്കറ്റ് അയച്ചതായി കാണുന്നില്ല.

## 5. പഠനമുറി

ഈ പദ്ധതി പ്രകാരം 2017-18 മുതൽ 2020 – 21 വരെയുള്ള വർഷങ്ങളിൽ അനുവദിച്ച എണ്ണവും തുകയും ചുവടെ ചേർക്കുന്നു

| scheme | year | Target | completed | Incomplete | | | Expenditure |
|---|---|---|---|---|---|---|---|
| | | | | Stage 1 | Stage 11 | Stage 111 | |
| Study room | 2017-18 | 82 | 66 | 0 | 3 | 13 | 7380000 |
| Study room | 2018-19 | 58 | 23 | 7 | 3 | 25 | 13270000 |
| Study room | 2019-20 | 58 | 26 | 4 | 3 | 25 | 5120000 |
| Study room | 2020-21 | 92 | 3 | 38 | 25 | 26 | 23620000 |

പഠനമുറിയുടെ തുക അനുവദിക്കുന്നത് രക്ഷകർത്താവിന്റെ അക്കൗണ്ടിലാണ്.എന്നാൽ ചില അപേക്ഷകളിൽ മൂന്ന് ഗഡുക്കൾ രക്ഷകർത്താവിന്റെ അക്കൗണ്ടിലേയ്ക്കും നാലാം ഗഡു കുട്ടിയുടെ അക്കൗണ്ടിലേയ്ക്കും പോയതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| **വർഷം** | **രക്ഷകർത്താവിന്റെ പേര്** | **കുട്ടിയുടെ പേര്** |
|---|---|---|
| 2018-19 | ബാലൻ | രാകേഷ്.കെ.പി |
| 2018-19 | ഗോപിനാഥൻ | ബിബിൻ |
| 2020-21 | രാധാകൃഷ്ണൻ | അഞ്ജുകൃഷ്ണൻ |

പഠനമുറിയുടെ ധനസഹായം വിതരണം ചെയ്യുന്നത് ഗുണഭോക്താവിൻെറ അക്കൗണ്ടിലേയ്ക്കാണ്.എന്നാൽ 31/5/18 ൽ CB/18/18-19 ബിൽ പ്രകാരം മാറിയിട്ടുള്ള 20,70,000/-രൂപയിൽ 28 ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് 19,80,000/- രൂപയും എസ്.സി.ഡി.ഒ യുടെ S.T.S.B അക്കൗണ്ടിലേയ്ക്ക് 90,000/- രൂപയുമാണ് മാറിയിരിക്കുന്നത്. 31/5/18 ൽ CB/19/18-19 ബിൽ പ്രകാരം മാറിയിട്ടുള്ള 7,20,000/-രൂപയിൽ 9 ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് 5,40,000/- രൂപയും എസ്.സി.ഡി.ഒ യുടെ S.T.S.B അക്കൗണ്ടിലേയ്ക്ക് 1,80,000/- രൂപയുമാണ് മാറിയിരിക്കുന്നത് .ടി രണ്ട് ബില്ലുകളിലുമായി 2,70,000/- രൂപ എസ്.സി.ഡി.ഒ യുടെ S.T.S.B അക്കൗണ്ടിലേയ്ക്ക് വന്നിട്ടുണ്ട്.

ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നൽകേണ്ട തുകകൾ എസ്.സി.ഡി.ഒ യുടെ S.T.S.B അക്കൗണ്ടിലേയ്ക്ക് മാറി നൽകിയ സാഹചര്യം വ്യക്തമാക്കുക.

ടി തുക പഠനമുറി ധനസഹായവുമായി ബന്ധപ്പെട്ട് 2018-19 സാമ്പത്തിക വർഷം താഴെ പറയും പ്രകാരം വിതരണം ചെയ്തതായി ചെക്ക് ഇഷ്യൂ രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് മനസിലാകുന്നു

| ക്രമ നം | ഗുണഭോക്താവിൻെറ പേര്,വിലാസം | ചെക്ക് നമ്പർ | ചെക്ക് തീയതി | നൽകിയ തുക |
|---|---|---|---|---|
| 1, | വാസുണ്ണി പുലാക്കോടി,പാറയ്ക്കൽമുക്ക് | 5027232 | 24/7/2018 | 90,000/- |
| 2, | സുബ്രമണി,പുലാക്കൊടി,കുന്നക്കാവ്, ചെറുകര | 5027231 | 24/7/2018 | 90,000/- |
| 3, | അപ്പുണ്ണി പടിയ്ക്കാപറമ്പിൽ,ഇടയ്ക്കൽ | | | 90,000/- |

ഇതിൽ ക്രമ നമ്പർ 3 ആയിട്ടുള്ള അപ്പുണ്ണി ചെക്ക് ഒപ്പിട്ട് വാങ്ങിയിട്ടുണ്ടെങ്കിലും ടി ചെക്കിൻെറ നമ്പരോ തീയതിയോ ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ട തുടർന്നുള്ള ഗഡുക്കൾ ഇവരുടെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുള്ളതായി കാണുന്നു.

## നിരീക്ഷണങ്ങളും ശുപാർശകളും

ബിംസ് മുഖേന സമർപ്പിക്കപ്പെടുന്ന ബില്ലുകളിൽ ഗുണഭോക്താവിന്റെ ഫോൺ നമ്പർ രേഖപ്പെടുത്തണമെന്ന് വ്യവസ്ഥയുണ്ട്. ആയതിനാൽ ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പറുമായി ബന്ധിപ്പിക്കപ്പെട്ടിട്ടുള്ള ഫോൺ നമ്പർ അപേക്ഷയിൽ കൃത്യമായ രേഖപ്പെടുത്തി വാങ്ങുന്നതിനും ടി നമ്പർ തന്നെ ബിംസ് മുഖേന സമർപ്പിക്കപ്പെടുന്ന ബില്ലുകളിൽ ചേർക്കുന്നതിനും കർശന നിർദ്ദേശം നൽകാവുന്നതാണ്.

സബ് ഓഫീസുകളുടെ കാര്യക്ഷമമായ പ്രവർത്തനം വിലയിരുത്തുന്നതിനു വേണ്ടി നിശ്ചിത ഇടവേളകളിൽ നിയന്ത്രണോദ്യോഗസ്ഥർ ബന്ധപ്പെട്ട ഓഫീസുകളിൽ സന്ദർശനം നടത്തുന്നതിന് നിർദ്ദേശം നൽകാവുന്നതാണ്.

ഗഡുക്കളായി ആനുകൂല്യം അനുവദിക്കപ്പെടുന്ന പദ്ധതികളിൽ യഥാർത്ഥ ഗുണഭോക്താവിന്റെ (അപേക്ഷകൻ) പേരിൽതന്നെ എല്ലാ ഗഡുക്കളും അനുവദിച്ചു നൽകിയാൽ അത് യഥാർത്ഥ ഗുണഭോക്താവിന് തന്നെയാണോ ലഭ്യമായത് എന്ന് കണ്ടെത്താൻ കഴിയും.

റിപ്പോർട്ട് പരിശോധനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

കൃഷ്ണകുമാർ. വി എസ്
ജൂനിയർ സൂപ്രണ്ട്

ദിലീപ് ബി.എസ്
ജൂനിയർ സൂപ്രണ്ട്

നിദീഷ് എം എ
സീനിയർ ക്ലാർക്ക്

Appd
(SFO)
4/8/21

Fin 13 supdt